## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 684 | 08.03.2012 - ൽ മറുപടിക്ക് |
|---|---|

**പുതുക്കാട് വല്ലച്ചിറ ആശുപത്രിയിൽ ഐ.പി. സംവിധാനം ആരംഭിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| എ) പുതുക്കാട് മണ്ഡലത്തിൽ വല്ലച്ചിറ ആശുപത്രിയിൽ നിലവിൽ ഐ.പി. ആരംഭിക്കുന്നതിന് സംവിധാനം ഉണ്ടെങ്കിലും, ആരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും വല്ലച്ചിറ ആശുപത്രിയിൽ ഐ.പി. ആരംഭിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ നിലവിലില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.പി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സിവിൽ വർക്ക് നടന്നുകൊണ്ടിരിക്കുന്നു. മേൽക്കൂര വാർക്കുന്നതിനുള്ള പ്രവർത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഐ.പി. ആരംഭിയ്ക്കുവാൻ കഴിയുകയുള്ളൂ. |
| ബി) ഇത് ആരംഭിക്കുവാൻ ഏതെങ്കിലും വിധത്തിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | |
| സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ഈ സാമ്പത്തികവർഷത്തിൽത്തന്നെ ഐ.പി. ആരംഭിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ